# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 526

24.01.2018 ലെ മറുപടിയ്ക്ക്

## പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | എറണാകുളം ജില്ലയിലെ പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥലസൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | പള്ളുരുത്തി സബ് ട്രഷറി ഓഫീസിലെ സ്ഥലസൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പള്ളുരുത്തി വില്ലേജാഫീസിനു സമീപത്തുള്ള സ്ഥലം സബ്ട്രഷറി സ്ഥാപിക്കുന്നതിനായി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | പള്ളുരുത്തി വില്ലേജ് ഓഫീസിന് സമീപമുള്ളതും രാമേശ്വരം വില്ലേജിൽപ്പെടുന്ന സർവ്വെ നമ്പർ 1022 ൽപ്പെട്ട 7 സെന്റ് സ്ഥലം ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറ്റം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ എറണാകുളം ജില്ലാ ട്രഷറി ഓഫീസർ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം 20 വർഷത്തേക്ക് ലീസിന് നൽകിയിട്ടുള്ളതായും പാട്ടക്കാരൻ ലീസ് വ്യവസ്ഥകൾ ലംഘിച്ചതിനാൽ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച നടപടിയുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ കേസിന്റെ നടപടിക്രമവും ലീസ് നടപടിയും റദ്ദു ചെയ്തതിനു ശേഷം മാത്രമേ ഭൂമി കൈമാറ്റം സാധ്യമാവുകയുള്ളു എന്ന് എറണാകുളം ജില്ലാ കളക്ടർ എറണാകുളം ജില്ലാ ട്രഷറി ഓഫീസറെ അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ.